ഉത്തരം

(എ) ഉണ്ട്. നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 28-ാമത് റിപ്പോർട്ടിലും മനുഷ്യാവകാശ കമ്മീഷൻ നടത്തിയ പത്രറിപ്പോർട്ടുകളിലുമാണ് ഇത് ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടറും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും, ജനറൽ ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലും എഫ്.ഡി.സി.യുടെയും ആശുപത്രി ഫാർമസിയുടെയും മേൽനോട്ടത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പേയിംഗ് കൗണ്ടറുകൾ ആരംഭിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്.എ.ടി.യിലെ ഇൻഫെർട്ടിലിറ്റി ക്ലീനിക്ക്

184 (1119) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് പ്രവർത്തനം തുടങ്ങിയിട്ട് എത്ര നാളായി ;

(ബി) പ്രസ്തുത ക്ലിനിക്ക് ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയെ ഏൽപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പാവപ്പെട്ട രോഗികൾക്കു സൗജന്യമായി സേവനം നൽകിയിരുന്ന ഈ ക്ലിനിക്കിൽ നിന്നും സൊസൈറ്റി ഇപ്പോൾ ഏതെല്ലാം രീതിയിൽ ഫീസ് ഈടാക്കുന്നു ;

(ഡി) ഈ ക്ലിനിക്കിലെ സേവനം സൗജന്യമാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 1976-ൽ പ്രവർത്തനം ആരംഭിച്ചു.

(ബി-ഡി) എസ്. എ. ടി. ആശുപത്രിയിലെ ഇൻഫെർട്ടിലിറ്റി ക്ലീനിക്കിനു എസ്.എ.ടി. ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി 1995 മുതൽ സാമ്പത്തിക സഹായം നൽകുന്നതിന്റെ ഭാഗമായി പ്രസ്തുത ക്ലിനിക്കിൽ എത്തുന്ന രോഗികളിൽ നിന്നും യൂസർ ഫീ ഈടാക്കി വരുന്നു.

സർജൻമാരെ നിയമിക്കാൻ നടപടി

185 (1120) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ ആശുപത്രികളിലാണ് സർജൻമാരില്ലാത്തതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly